കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4255. 25.06.2018 ന് മറുപടിയ്ക്ക്.

# തൊഴിൽ പരിശീലന കേന്ദ്രങ്ങൾ

*ചോദ്യം* *ഉത്തരം*

ശ്രീ.ഇ.കെ.വിജയൻ : ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) ഓരോ ഗ്രാമ പഞ്ചായത്തിലും തൊഴിൽ രഹിതരുടെ അഭിരുചിക്ക് അനുസരിച്ച് തൊഴിൽ പരിശീലന കേന്ദ്രം സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ; | | (എ) തൊഴിൽ വകുപ്പിന് കീഴിലുള്ള കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ നൈപുണ്യ പരിശീലന കേന്ദ്രങ്ങളായ മികവിന്റെ കേന്ദ്രങ്ങൾ (Centre of Excellence), കൗശൽ കേന്ദ്രങ്ങൾ, അക്രഡിറ്റേഷൻ പ്രോഗ്രാമുകൾ, കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ എന്നിവ മുഖേനയും ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച എംപ്ലോയബിലിറ്റി സെന്റർ, കരിയർ ഡവലപ്മെന്റ് സെന്റർ എന്നിവ മുഖേനയും നടത്തുന്ന നൈപുണ്യ പരിശീലന പദ്ധതികൾ ഗ്രാമ പഞ്ചായത്തിലുള്ള തൊഴിൽ രഹിതർക്കും പ്രയോജനപ്പെടുന്നതാണ്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി കൗശൽ വികാസ് യോജന (PMKVY) യുടെ സംസ്ഥാന ഘടകം (Centrally Sponsored State Managed component) വഴി നടപ്പിലാക്കുന്ന പദ്ധതികളും പ്രയോജനപ്പെടുത്താവുന്നതാണ്. |
| (ബി) കോഴിക്കോട് ജില്ലയിൽ ഇത്തരത്തിലുള്ള തൊഴിൽ പരിശീലന കേന്ദ്രം പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ? | | (ബി) താഴെപറയുന്ന തൊഴിൽ പരിശീലന കേന്ദ്രങ്ങൾ കോഴിക്കോട് ജില്ലയിൽ പ്രവർത്തിച്ച് വരുന്നു.<br><br>**കൗശൽ കേന്ദ്ര**<br>ഗ്രാമീണമേഖലയിലെ സ്കൂൾ കോളേജ് വിദ്യാർഥികൾ ഉൾപ്പെടുന്ന യുവസമൂഹത്തിനു തൊഴിൽ നൈപുണ്യ പരിശീലനം ഉറപ്പാക്കുന്നതോടൊപ്പം ആഗോള മത്സര രംഗത്ത് അവരെ മുൻനിരയിലെത്തിക്കാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ സ്ഥാപിതമായ കൗശൽ കേന്ദ്ര കോഴിക്കോട് ജില്ലയിലെ മാനാഞ്ചിറയ്ക്ക് സമീപം പ്രവർത്തിച്ചുവരുന്നു. നിലവിൽ കൗശൽ കേന്ദ്രയിൽ ലഭ്യമാക്കുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു.<br>• അസ്സെസ്സ്മെന്റ് ആൻഡ് കരിയർ ഗൈഡൻസ്<br>• ലാംഗ്വേജ് ലാബ് സൗകര്യത്തോടു കൂടിയ |

കമ്മ്യൂണിക്കേഷൻ സ്കിൽ ഡവലപ്പ്മെന്റ് സെൽ

- പ്രാഥമിക ഐ.ടി പരിശീലനം
- പേഴ്സണാലിറ്റി ഡവലപ്പ്മെന്റ്
- ബേസിക് ആപ്റ്റിട്യൂഡ് പരിശീലനം

**എംപ്ലോയബിലിറ്റി സെന്റർ,**

തൊഴിലന്വേഷകരുടെ അഭിരുചിക്കനുസരിച്ച് സ്വകാര്യ മേഖലയിലും തൊഴിൽ നേടിയെടുക്കാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ സ്ഥാപിതമായ എംപ്ലോയബിലിറ്റി സെന്റർ കോഴിക്കോട് സിവിൽ സ്റ്റേഷനിൽ പ്രവർത്തിച്ചുവരുന്നു. ഇത് പ്രകാരം എംപ്ലോയബിലിറ്റി സെന്ററുകളിൽ 250 രൂപ നൽകി രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യതയും കഴിവും അഭിരുചിയും മനസ്സിലാക്കി അതിനനുസൃതമായ പരിശീലനങ്ങൾ നൽകി തൊഴിലിന് പ്രാപ്തരാക്കുകയും എംപ്ലോയബിലിറ്റി സെന്ററുകൾ സംഘടിപ്പിക്കുന്ന ചെറുതും വലുതുമായ തൊഴിൽ മേഖലകളിലൂടെ സ്വകാര്യ മേഖലയിൽ തൊഴിൽ നേടിയെടുക്കാൻ അവരെ സഹായിക്കുകയും ചെയ്യുന്നു.

**കരിയർ ഡവലപ്മെന്റ് സെന്റർ**

തൊഴിൽ അന്വേഷകർക്ക് നിശ്ചിത പ്രായപരിധിക്കകം അഭിരുചിയുള്ള കോഴ്സുകളിൽ പ്രവേശനം നേടുകയും യോഗ്യതയ്ക്കനുസരിച്ച് തൊഴിൽ ലഭ്യമാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കരിയർ ഡവലപ്മെന്റ് സെന്റർ പേരാമ്പ്രയിൽ പ്രവർത്തിക്കുന്നു. മികച്ച കോഴ്സുകൾ, പഠനാന്തരം ഉള്ള തൊഴിൽ സാധ്യത, ഓരോ കാലഘട്ടത്തിലേയും തൊഴിൽ വിപണിയുടെ പൊതു സ്വഭാവം, പുതിയ പ്രവണതകൾ തുടങ്ങി നിരവധി കാര്യങ്ങളിൽ അറിവ് ലഭിക്കുന്നതിനു സെന്റർ സഹായകരമാകും. കൂടാതെ വിവിധ സർക്കാർ-പൊതു-സ്വകാര്യ മേഖലകളിലെ ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ, പരീക്ഷാ പരിശീലന രീതികൾ തുടങ്ങിയ വിവരങ്ങളും സെന്ററിൽ നിന്നും ലഭിക്കും.

Bindu

സെക്ഷൻ ഓഫീസർ